# സോയ നായരുടെ കവിതകൾ

(ഇണനാഗങ്ങൾ എന്ന കവിതാസമാഹാരത്തിലെ തിരഞ്ഞെടുത്ത കവിതകളെക്കുറിച്ചുള്ള പഠനം)

സുധീർ പണിക്കവീട്ടിൽ



“ബാലചന്ദ്രൻ ചുള്ളിക്കാട് ഒരിക്കൽ പറഞ്ഞു അദ്ദേഹം ഒരു പഴയ കവിയാണു്, അദ്ദേഹത്തിന്റെ ഉപകരണങ്ങൾ പഴയതാണു്. അത് വച്ച് ഇന്നത്തെ കവിതയുടെ ഒരു ഭാഗമാകാൻ ശ്രമിക്കയാണെന്ന്, കാരണം കവിത മാറികഴിഞ്ഞു. ഓരോ തലമുറക്കും അവരുടേതായ ഒരു കവിതാ രീതിയുണ്ടാകും. അവരുടേതായ സൗന്ദര്യശാസ്ത്രവും. എന്റെ പഴയ ഉപകരണങ്ങൾ ഉപയോഗിച്ച് പുതിയ കവിതയെ വിലയിരുത്താൻ ഞാൻ ആരുമല്ല.” ശ്രീമതി സോയ നായരുടെ “ഇണനാഗങ്ങൾ” എന്ന കവിതാ സമാഹാരം വായിച്ച്കഴിഞ്ഞപ്പോൾ ഞാൻ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ പ്രസ്തുത വരികൾ ഓർമ്മിച്ചു, അവരുടെ കവിതകൾ നൂതനമാണു്. ആദ്യ വായനയിൽ അപ്രാപ്യമെന്ന് വായനക്കാരനു തോന്നുന്ന വിധത്തിലാണു്. എന്നാൽ ലളിതമായ ഭാഷാ ശൈലിയിലും ഹ്രുദയഹാരിയായ ആവിഷ്ക്കാര ഭംഗിയിലും നിറഞ്ഞതാണു്. പഴയകാല കവിതകൾ ഒരു നിഘണ്ടുവിന്റെ സഹായത്താൽ മനസ്സിലാക്കാൻ സാധിച്ചിരുന്നപ്പോൾ ആധുനിക കവിതകൾ വായനയിലൂടെ ആർജ്ജിച്ചെടുത്ത അറിവിന്റെ സഹായത്താൽ ഒരു പരിധി വരെ മനസ്സില്ലാക്കാൻ കഴിഞ്ഞേക്കാം. എന്നാലും ഒരു പക്ഷെ നിരൂപകന്റെ കണ്ടെത്തുലുകളിൽ നിന്നും വ്യത്യസ്ഥമായിരിക്കാം കവിയുടെ ഉദ്ദേശ്യം.

മുപ്പത് കവിതകൾ ഉൾക്കൊള്ളുന്ന കവിതാസമാഹാരമാണു് “ഇണനാഗങ്ങൾ”. ഇതിന്റെ പ്രത്യേകത ഇത് അവരുടെ ആദ്യ ക്രുതിയാണെന്നുള്ളതാണു്. മുളയിലെ അറിയാം വിള എന്നു പറയുമ്പോലെ ആദ്യ കവിതകളിൽ നിന്ന് തന്നെ കവയിത്രിയുടെ സർഗ്ഗശക്തിയും ഭാവനാ വൈഭവവും മനസ്സിലാക്കാൻ കഴിയും. ഓരോ കവിതയും കവയിത്രിയുടെ വ്യത്യസ്ഥ വീക്ഷണങ്ങളുടെ പ്രതിഫലനങ്ങളാണു്.

സ്വയം പ്രഭേ തെളിയൂ എന്ന കവിതയിലെ ഈ വരികൾക്ക് ചില താത്വികസമീപനങ്ങളുടെ ഒരു ദർശനമുണ്ട്. ***ശബ്ദശലഭങ്ങൾക്ക് മാർഗ്ഗം മുടക്കിയൊരെൻ നിശബ്ദ കുയിലുകൾ മാനസേ കൂടണയുന്നു.*** ശലഭങ്ങൾ ശബ്ദമുണ്ടാക്കുന്നത് അവയുടെ സ്ഥല പരിധി നിർണ്ണയിക്കാനാണു്. അതേപോലെ ഈ ഭൂമിയിൽ ഇത്തിരി

മണ്ണു സ്വന്തമാക്കാൻ ശ്രമിക്കുന്ന മനുഷ്യൻെറ മനസ്സിൽ സന്തോഷമൂണ്ടാകുന്നില്ല. അവൻെറ ജീവിതപാതയിൽ സംഘർഷങ്ങളാണു്. അവൻെറ കുയിലുകൾ പാടാതെ കൂടണയുന്നു. ചിന്തകനായ നീത്ഷെ പറഞ്ഞത് വ്യകതിയുടെ അടിസ്ഥാനഭാവം ഭീതിയാണെന്നാണു്. ഈ ഭീതിയിൽ നിന്നുണ്ടാകുന്ന മാനസിക വിഹ്വലതകളുടെ ഒരു വിവരണം ഈ കവിതയിലുണ്ട്. അവസാനം കാണുന്ന സ്വയം പ്രഭേ തെളിയൂ എന്ന പ്രയാഗം ഒരു പക്ഷെ " ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കു നയിക്കു" എന്ന ഉപനിഷത്ത് മന്ത്രത്തെ ഉദ്ദേശിച്ചാകാം. യാത്ര എന്ന കവിതയിലും ശുഭാപ്തി വിശ്വാസത്തിൻെറ കിരണങ്ങൾ പരന്ന് കിടക്കുന്നുണ്ട്. സ്വന്തം പ്രതീക്ഷകളിൽ ആശ്രയിക്കുമ്പോൾ പ്രതിബന്ധങ്ങളുടെ ഇരുട്ട് മാറിപോകുന്നു. അതാണു് ശ്വാശ്വതമായ വെളിച്ചം. അതാണു നമ്മെ മുന്നോട്ട് നയിക്കുന്നത് എന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നു. പാന്ഥർ എന്ന കവിതയിലും ജീവിത യാത്രയുടെ വളരെ യഥാസ്ഥികമായ ഒരു ചിത്രം വരച്ചിടുന്നുണ്ട്. സഹയാത്രികർ കൂടെയുണ്ടാകുമോ എന്ന ചോദ്യവും വീണ്ടും വഴിയാത്രയിൽ കണ്ടുമുട്ടുന്ന അപരിചിതരേയുയും പ്പറ്റി പറയുമ്പോൾ ഒരു സത്യത്തിൻെറ പൊരുൾ നിവരുന്നുണ്ട്. കണ്ടു മുട്ടുന്നവർ അപരിചിതരാണു്, പിന്നെ അവർ സഹയാത്രികരാകുന്നു. അപ്പോൾ അപരിചി തത്ത്വമില്ല. അത് കൊണ്ട് സഹയാത്രികർ കൂടെയുണ്ടാകുന്നില്ലെന്നത് അപരിചിതത്ത്വം അകന്ന് പോകുന്നു എന്ന സൂചനയാകാം. ജീവിതം കണ്ടുമുട്ടലുകളുടേയും വേർപിരിയലുകളുടേയും വേദിയാണെങ്കിലും അപരിചിതത്വത്തിൻെറ ക്ഷണികതക്കാണു ഊന്നൽ. വീണ്ടും അപരിചിതരെ കണ്ടുമുട്ടുന്നു, അവർ സഹയാത്രികരാകുന്നു.

ഇണനാഗങ്ങൾ എന്ന കവിതയിലെ ബിംബകൽപ്പനയിൽ പടം പൊഴിക്കുന്ന ഇണനാഗങ്ങളെ പ്രതിബിംബമാക്കികൊണ്ട് പ്രണയിക്കുന്ന രണ്ട് പേരെ കുറിച്ച് പറയുന്നുണ്ട്. പാമ്പിനെ പുരുഷലിംഗത്തിൻെറ പ്രതീകമായി കാണുന്നവരുണ്ട്. അതെ സമയം ഭാരതീയ സങ്കൽപ്പത്തിൽ പാമ്പിനെ വെള്ളവുമായി ബന്ധിപ്പിക്കുന്നു. വെള്ളം സ്നേഹത്തിൻേറയും വികാരത്തിൻെറയും പ്രതീകമാണു. കവിതയിലെ നായിക അനുഭവിക്കുന്ന പ്രണയാനുഭൂതികളെ വിവരിക്കുമ്പോൾ പാമ്പ് ഒരു പ്രതീകമായി വരുന്നു. പടം പൊഴിക്കുന്ന പാമ്പ് നവജീവൻെറ, പുനർജന്മത്തിൻെറ ഒക്കെ പ്രതീകമാകുമ്പോൾ കവിതയിലെ നായിക-നായകന്മാർ ഒരു പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നുവെന്ന് സങ്കൽപ്പിക്കവുന്നതാണു്. താഴെ സൂചിപ്പിച്ച പോലെ ഇവർ ഭാവനയെ ഒരു പ്രത്യേക ചട്ടക്കൂട്ടിൽ ഒതുക്കി നിർത്തുന്നില്ലാത്തതിനാൽ ബിംബങ്ങൾ ക്രുത്രിമത്വമില്ലാതെ വരികളിൽ ഇഴുകിചേരുന്നു. ഈ കവിതയിൽ ഇണനാഗങ്ങൾ എന്ന വാക്ക് സൂചിപ്പിക്കുന്നത് രതിയെയാണെന്നു തോന്നാമെങ്കിലും അവസാനം നവജീവിതം കൈവരിക്കുന്നതിനു പഴയ പടം ഊരികളയുന്ന നാഗങ്ങളെ പരാമർശിക്കുമ്പോൾ പ്രതീക്ഷാനിർഭരരായി മുന്നോട്ട് നീങ്ങുന്ന രണ്ടു ഹ്രുദയങ്ങളുടെ പ്രണയ സപന്ദനങ്ങൾ നമ്മൾ കേൾക്കുന്നു. ഒരേ ബിംബത്തിൻെറ വ്യത്യസ്ഥ ഭാവങ്ങൾ ഉപയോഗിക്കുന്ന വിദ്യാനൈപുണ്യം വിദഗ്ദ്ധമായി ഉപയോഗിച്ചിട്ടുണ്ടീ കവിതയിൽ.

തണൽമരം എന്ന കവിത ഇന്ന് പീഢിപ്പിക്കപ്പെടുന്ന സ്ത്രീയുടെ നിസ്സഹായതയുടെ ഒരു ദയനീയ ചിത്രം പകരുന്നു. ഈ കവിതയിൽ ഉപയോഗിച്ചിരിക്കുന്ന ഒരു ബിംബമാണു് "മാനം" അവരുടെ വരികൾ ഉദ്ധരിക്കുന്നു: ***സ്വയംഭോഗം ചെയ്യുമ്പോഴും, മറ്റുള്ളവരാൽ ഭോഗിക്കപ്പെടുമ്പോഴും, പൊട്ടിത്തകരുന്ന കന്യാ(കാ) ചർമ്മമേ, നീ കാണാതെ പോകുന്ന, ചർമ്മത്തിൻ പേരോ മാനം?*** വീണ്ടും വരുന്ന വരികളിൽ ഇങ്ങനെ നമ്മൾ വായിക്കുന്നു.

**അഭിമാനത്തിനു വേണ്ടി പൊരുതുവാനാകാതെ, മാനം നോക്കി കിടക്കുന്നു ഞാൻ.** കന്യകാത്വത്തിനു ദൈവീകത്വം കൽപ്പിക്കുന്നത്കൊണ്ടാകാം അത് നഷ്ടപെടുമ്പോൾ മാനം പോയി എന്നു പറയുന്നത്. മാനം (ആകാശം) നിത്യതയുടെ, ദൈവീകത്വത്തിൻെറ, ഈശ്വരൻെറ ഒക്കെ പ്രതീകമായി കണക്കാക്കുന്നുണ്ടല്ലോ? എന്നാൽ എല്ലാം കണ്ടു നിൽക്കുന്ന ഒരു നോക്കുക്കുത്തി മാത്രമായും മാനത്തെ കാണാമെന്നും. മാനം രക്ഷിക്കാനാകാതെ മാനം നോക്കി കിടക്കുന്ന സ്ത്രീയുടെ നിസ്സഹായവസ്ഥ ഓർമ്മിപ്പിക്കുന്നു. അതെ സമയം മാനത്തിനു മാറ്റങ്ങൾ വന്നും പോയും കൊണ്ടിരിക്കുന്നതല്ലാതെ മാനം മാറുന്നില്ലെന്ന ധ്വനിയും മനസ്സിലാക്കാവുന്നതാണ്. ഈ കവിതയിലെ സ്ത്രീ മാനം നഷ്ടപ്പെടുമ്പോൾ തണൽമരം തേടുന്നു. തുറന്ന മാനത്തിൻെറ വിതാനത്തിനു കീഴിൽ സ്വകാര്യതയുടെ ഇത്തിരി തണൽ കാംക്ഷിക്കുമ്പോൾ മാനത്തെ മറയ്ക്കുക എന്നും അനുമാനിക്കാവുന്നതാണ്. കാരണം മാനം രക്ഷിക്കുന്നില്ല മറിച്ച് മുറിപ്പെടുത്തുകയാണ്. അപ്പോൾ പിന്നെ അതിനു ഒരു മറ തേടുക. കന്യാകത്വം എന്ന മിത്തിനെ മൃദുവായി സംശയരൂപത്തിൽ ചോദ്യം ചെയ്യുന്നു കവയിത്രി.

വാക്ക് എന്ന കവിതയിലൂടെ ഒരു വലിയ ആശയം വായനക്കാരിലെത്തുന്നു. അമേരിക്കൻ കവയിത്രി എമിലി ഡിക്കെൻസൻ ഒരു കവിതയിൽ വാക്കിനെ ഇങ്ങനെ വിവരിക്കുന്നു. പലരും വിചാരിക്കുന്നത് ഉച്ചരിച്ച് കഴിഞ്ഞാൽ വാക്ക് മരിച്ചു എന്നാണു. എന്നാൽ ഉച്ചരിച്ച് കഴിയുമ്പോഴാണു ഒരു വാക്ക് ജീവിക്കുന്നത്. ഈ കവിതയിൽ ഉച്ചരിച്ച് കഴിഞ്ഞ ഒരു വാക്ക് സ്രുഷ്ടിക്കുന്ന ഭവിഷ്യത്തുകളെപ്പറ്റിയാണ്. വാക്കുകൾ പലപ്പോഴും നമ്മിൽ നിന്നും പുറപ്പെടുന്നത് പെട്ടെന്നാണു. വാക്കിൻെറ നാനാർഥങ്ങളെ കുറിച്ച് പറയുന്നയാൾ ബോധവനാകണമെന്നില്ല. എന്നാൽ കേൾക്കുന്നവർ അത് എങ്ങനെ എടുക്കുന്നു എന്നതിനെ ആസ്പദ്മാക്കിയാണു ഒരു വാക്കിൻെറ അർഥം ഉരുത്തിരിയുന്നത്. ആദിയിൽ വചനമുണ്ടായിയെന്ന് ബൈബിൾ പറയുന്നു, വാക്ക് കൊണ്ടാണു ഈ ലോകത്തിലെ എല്ലാം സ്രുഷ്ടിക്കപ്പെട്ടത്. ബന്ധങ്ങൾ പോലും വാക്കാൽ ബന്ധിക്കപെടുന്നു. അതെപോലെ തന്നെ വാക്ക് കൊണ്ട് ബന്ധങ്ങൾ എവിടെ വച്ചും ഉപേക്ഷിച്ച് പോകാമെന്നും ഈ കവിതയിൽ കാണുമ്പോൾ വായനക്കാരൻ അത് വരെ ചിന്തിക്കാത്ത ഒരു പൊരുൾ നിവർന്ന് വരുന്നു. വളരെ ലളിതമായി ഒരു വലിയ ആശയം പ്രകടിപ്പിച്ചിട്ടുണ്ട് ഈ കവിതയിൽ. പറയുന്ന ആൾ ഉദ്ദേശിക്കുന്ന അർഥവും ഭാവവും.ചിലപ്പോൾ വ്യക്തമാക്കാൻ വാക്കുകൾ അപര്യാപ്തങ്ങളാകുന്നു എന്ന വിരോധാഭാസവും അതെ സമയം വാക്കുകൾക്ക് സ്രുഷ്ടിക്കവുന്ന അപാരമായ സാധ്യതകളും നമ്മൾ മനസ്സിലാക്കുന്നു. വാക്കുകളാൽ കരിമ്പുതപ്പേകുന്നു വാസ്തവ മനോഭാവം പലപ്പോഴും. (ബാലാമണിയമ്മ) എന്ന കവിതയെ വായനക്കാരൻ ഓർക്കുന്നു. *മൊഴിയിലൊളിപ്പിച്ച ദു:ഖവും നീർത്തുള്ളിയും കണ്ടില്ല ആരും..... അറിയില്ലെനിക്ക് പാശ്ചാത്തപിച്ചീടാൻ, അറിയില്ലെനിക്ക് പരിഹാരമേകാൻ.* എല്ലാ കവിതകളിലും കവയിത്രി പ്രകടിപ്പിക്കുന്ന ഒരു നിസ്സംഗതാ ഭാവം അല്ലെങ്കിൽ യാതാർഥ്യങ്ങളെ അഭിമുഖീകരിക്കാൻ വൈഷമ്യമുള്ള മനുഷ്യമനസ്സുകളുടെ നിസ്സഹായതയുടെ ഒരു ചീള് ദ്രുശ്യമാണ്. പ്രശ്നങ്ങളും അതിൽ ഉൾക്കൊള്ളുന്ന പരിഹാരമാർഗ്ഗങ്ങളും സൂചിപ്പിക്കുക മാത്രമാണ് അല്ലാതെ അത് നിവർത്തിക്കേണ്ടത് കവികളുടെ ധർമ്മമല്ലെന്ന് ഇവർ വിശ്വസിക്കുന്നുണ്ടാകാം.

പൂക്കാത്ത മുല്ല എന്ന കവിത അവസാന നിമിഷം വരെ മനുഷ്യൻ കൊണ്ട് നടക്കുന്ന മോഹത്തെപ്പറ്റിയാണു. പൂക്കാത്ത മുല്ലയുടെ സുഗന്ധം തേടുന്ന മനുഷ്യൻ. ഡാൻെറയുടെ

ഡിവൈൻ കോമഡി എന്ന നാടകത്തിൽ നരകവാതിലിൽ എഴുതിവച്ചിരിക്കുന്ന ഒരു വാചകത്തെപ്പറ്റി പറയുന്നുണ്ട്. അതിങ്ങനെ " ഇവിടെ പ്രവേശിക്കുന്നവർ എല്ല ആഗ്രഹങ്ങളും ഉപേക്ഷിക്കുക. ജീവിതത്തിലെ അസുഖകരമായ ഒരു നിമിഷം നമ്മൾ ഉപേക്ഷിക്കുമ്പോൾ നമ്മൾക്ക് ആ നിമിഷം മാത്രമാണു നഷ്ടപ്പെടുന്നത്. എന്നാൽ അതെക്കുറിച്ച് ചിന്തിച്ചിരുന്നാൽ നമ്മൾക്ക് വർത്തമാനവും, ഭാവിയും കൂടി നഷ്ടമാകുന്നു. സാക്ഷത്കരിക്കാത്ത മോഹങ്ങൾക്ക് പിറകെ പോയി മനോഹരമായ ഈ ജീവിതം പാഴാക്കരുത്. എന്നാൽ മോഹങ്ങളുടെ പിടിയിൽ നിന്നും മനുഷ്യനു മോചനമില്ല. അതവന്റെ പട്ടടയോളം കൂടെ പോകുന്നു. ഇതിൽ നിന്നും ഒരു പാഠം കൂടി നമ്മൾ പഠിക്കുന്നു. നടക്കാത്ത കാര്യങ്ങൾ ആലോചിച്ച് നമ്മൾ ഇന്നിനെ നഷ്ടപ്പെടുത്തുന്നു. അതു കൊണ്ടാണു കവയിത്രി പറയുന്നത്, ***അന്യമെങ്കിലും വിസ്മരിച്ചീടുവാൻ ആഗ്രഹമില്ലാത്ത ഭൂതം*** – നഷ്ടപ്പെട്ടെങ്കിലും മറക്കാൻ കഴിയാത്ത ഭൂതകാലം – വർത്തമാനത്തിലും ഭാവിയിലും സ്വായത്തമാക്കാൻ കൊതിച്ചാലും വഴുതി മാറുന്ന യൗവ്വനം. കാലം ആർക്കും വേണ്ടി കാത്തിരിക്കുന്നില്ല.

സ്നേഹപൂർവ്വം എന്ന കവിത പ്രേമാർദ്രമായ സ്ത്രീ ഹ്രുദയത്തിന്റെ ഉൾതുടിപ്പുകളുടെ ഹ്രുദ്യമായ കാവ്യാവിഷ്ക്കരമാണു്. അഭിലാഷങ്ങളുടെ പൂമൊട്ടുകൾ വിരിഞ്ഞ് സ്നേഹത്തിന്റെ സുഗന്ധം പരത്തി നിൽക്കുന്ന ഒരു മനസ്വിനിയുടെ ഏകാഗ്ര ചിന്തകൾ ഈ കവിതക്ക് ഒരു ചാരുത നൽകുന്നു. ഓരോ ചിന്തകളിലും നിർമ്മല രാഗത്തിന്റെ തേൻകണങ്ങൾ പുരട്ടാനും അത് വളരെ വിശ്വസനീയമാക്കാനും കവയിത്രിക്ക് കഴിഞ്ഞിരിക്കുന്നു. മണിച്ചിമിഴിലെ പ്രണയം,പറയാതെ പോയ പ്രണയം, ആ ദിവസത്തിന്റെ ഓർമ്മ, ഓർമ്മതൻ പൊൻപൂവ്വ് ഈ കവിതകളുടെ ശീർഷകം സൂചിപ്പിക്കുന്നപോലെ ഇവയിൽ എല്ലാം പ്രേമത്തെക്കുറിച്ചുള്ള കവയിത്രിയുടെ ഉൽകണ്ഠകളാണു്. സ്നിഗ്ധമായ പ്രണയത്തിന്റെ ഒരു നനവ് അനുഭവപ്പേടുത്തുന്നതല്ലാതെ കവിതകളിൽ ഗഹനമായ ഒരു ദർശനമില്ല. എങ്കിലും ഭാഷാഭംഗികൊണ്ട് വായനാസുഖവും പ്രേമത്തിന്റെ ഇത്തിരി മധുരവും ഇവ നൽകുന്നു. ***(ഹ്രുദയവല്ലരി പൂത്തുലഞ്ഞ പോലെ, കണ്ണുകൾ കഥ പറഞ്ഞ പോലെ..വാകപ്പൂമരച്ചോട്ടിലിരുന്ന്, പരിഭവങ്ങൾ പങ്ക് വച്ചപോലെ (2)ഇപ്പോഴും നിന്നെ ഞാൻ സ്നേഹിക്കുന്നുവെന്ന് , നീയെന്തെയറിഞ്ഞീല (3)ആ പാദസര മണിനാദം നിൻ ഹ്രുദയത്തുടിപ്പുകൾ, കവിളുകളെ തൊട്ടുരുമ്മും കാതിലോലപ്പൂ)***

വാക്കുകളുടെ സങ്കീർണ്ണതകളില്ലാതെ അനുഭവങ്ങളുടെ വെളിച്ചത്തിൽ നിന്നും വളരെ ലളിതമായി ആവിഷക്കരിച്ചിരിക്കുന്ന കവിതകളാണധികവും. എന്നാൽ അവ ഒറ്റ വായനയിൽ സുതാര്യമാകും വിധമല്ലെങ്കിലും നിരൂപകരുടെ അറിവിന്റെ മേഖലയിൽ ഒരു തീപ്പെട്ടികോൽ ഉരക്കാൻ പ്രാപ്തമാണു് കവിതകൾ. വലിയ കവികളെല്ലാം വലിയ കാര്യങ്ങൾ ലളിതമായി അവതരിപ്പിച്ചിരുന്നു. കവിതയിലെ ഓരോ വാക്കും പൊളിച്ച് പൊളിച്ച് (verbal peeling) നോക്കുമ്പോൾ കണ്ടെത്തുന്ന അർത്ഥ തലങ്ങൾ വായനക്കാർക്ക് സന്തോഷം നൽകും. കവിതകൾ ഒരു പ്രത്യേക വിഷയത്തിൽ മാത്രം കേന്ദ്രീകരിക്കുന്നില്ല. വൈവിദ്ധ്യമാർന്ന വിഷയങ്ങളിലൂടെ ഓരോ ആശയങ്ങൾ പ്രതിഫലിപ്പിക്കാൻ കവയിത്രി പരിശ്രമിക്കുന്നുണ്ട്.

കവയിത്രി കവിതകളിൽ പാലിക്കുന്ന നിശ്ശബ്ദതയുടെ ശബ്ദം കേൾക്കുന്ന നിരൂപകരും വായനക്കാരും കവിതകളിൽ അന്തർലീനമായ മൗനത്തിന്റെ പൊരുൾ തിരിച്ചറിയും.

അങ്ങനെ വായനക്കാർക്കും നിരൂപകർക്കും വിട്ടു കൊടുത്ത് വിട്ട് എഴുതുന്ന സമ്പ്രദായം ഇപ്പോൾ കൂടി കൂടി വരുകയാണു. എന്നാൽ അത് കഴിയുന്നതും ഒഴിവാക്കുന്നതാണു നല്ലത്.

കവിതകളിൽ കാണുന്ന ഒരു സവിശേഷത ഭാവനകളെ അവർ കടിഞ്ഞാണിട്ട് ഒരു നിശിച്ത പരിധിക്കുള്ളിൽ നിർത്തുന്നില്ലെന്നാണ്. ഇത് വളരെ പ്രശംസനീയമാണ്. അനുകരണമില്ലാതെ അല്ലെങ്കിൽ ആധുനികതയെന്നും പറഞ്ഞ് ദുരൂഹതകൾ ചമച്ച് വിടാതെ സ്വന്തം ശൈലി വികസിപ്പിക്കുന്നത് കാണം. സോയ നായർക്ക് ശ്രമിച്ചാൽ തൻെറതായ ഒരു വഴി വെട്ടിയുണ്ടാക്കൻ കഴിയും. ഇന്നു കവിത വഴി മുട്ടി നിൽക്കയാണു. കവികൾ പുതിയ പുതിയ പരീക്ഷണങ്ങൾ നടത്തുന്നുണ്ടെങ്കിലും അതെല്ലാം പഴമയുടെ മണം പേറുന്നവയാണ്. ഒരു പക്ഷെ തൻേറതായ ഒരു ദർശനം പൂർണ്ണമാക്കാൻ കൂടുതൽ എഴുതുമ്പോൾ കവിതയുടെ ലോകത്ത് നവാഗതയായ ഇവർക്ക് കഴിയുമായിരിക്കും.

മുക്തഛന്ദസ്സിൽ എഴുതി ആധുനികതയുടെ ചുവട് പിടിക്കുമ്പോഴും കാൽപ്പനികതയുടെ ലാവണ്യം ചോരാത്ത ആകർഷണീയമായ ഒരു ശൈലി സ്വന്തമാക്കാൻ ഇവർ ശ്രമിക്കുന്നുണ്ട്. മാനുഷിക വികാരങ്ങളെ തൊട്ടുനിൽക്കുന്ന ഭാവങ്ങൾ കവിതയിൽ പ്രകടിപ്പിക്കുമ്പോൾ അവയെ കൂടുതൽ ദ്രുഢമാക്കാൻ ശ്രമിക്കുന്നതിനു പകരം സമാപ്തി തിടുക്കത്തിലാക്കുന്ന ഒരു പ്രവണത ചില കവിതകളിൽ കാണുന്നത് ഒരു പക്ഷെ അവരുടെ പരീക്ഷണത്വരയുടെ ആരംഭ പ്രതിഫലനങ്ങളാകാം.

പൂർവ്വികർ പരീക്ഷിച്ച് ഉപേക്ഷിച്ച അല്ലെങ്കിൽ ഇപ്പോൾ പ്രചുര പ്രചാരമുള്ള രീതികൾ പിന്തുടരുന്നതിനെക്കാൾ സ്വന്തമായ ശൈലിയും ആവിഷ്ക്കാരവും പരിപോഷിപ്പിക്കുന്നത് നല്ലത് തന്നെ. സോയ നായർ ഈ പുസ്തക്ത്തിൽ അങ്ങനെ ചില പരീക്ഷണങ്ങൾ നടത്താൻ നോക്കിയുട്ടുണ്ടെങ്കിലും (കുറുങ്കവിതകാൾ, തുണ്ടു കവിതകൾ, കണികകൾ, മനസ്സ്) അവ പൂർണ്ണമായി സ്വതന്ത്രമല്ല. അത്തരംകവിതകൾ നമ്മൾക്ക് പരിചയമുണ്ട്. എങ്കിലും അവർ ആ ശ്രമത്തിൽ വിജയിക്കുന്നത് പ്രോത്സാഹജനകമാണ്. ജോൺ ബാർയെ (പോയട്രി ഫൗണ്ഡേഷൻെറ പ്രസിഡണ്ട്, പോയട്രി എന്ന മാസിക പ്രസിദ്ധീകരിക്കുന്നു; ഹാരിയറ്റ് മോൺറോ 1912 ൽ സ്ഥാപിച്ചതാണു പോയട്രി എന്ന മാസിക) ഉദ്ധരിച്ച് പറയാം. കവിതയുടെ ഭാവി പ്രവചിക്കുക അസാദ്ധ്യമത്രെ. എപ്പോഴും രക്ഷപ്പെടാൻ ശ്രമിക്കുന്ന ഒരു മ്രുഗമാണു കവിത. കാരണം ആത്മാവിൽ അനുസരണ കാണിക്കാതെയിരിക്കുന്ന ഒന്നിൽ നിന്നത്രെ കവിത വരുന്നത്. എല്ലാ എഴുത്തുകാരിലും ആ മ്രുഗം ഇങ്ങനെ ഓടിപോകാൻ ശ്രമിക്കുമ്പോൾ അതിനെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ ഒരു പ്രത്യേക രൂപത്തിൽ വാർന്നു വീഴുന്നു. എല്ലാവരിലും ഈ മ്രുഗം അനുസരണ കേട് കാട്ടണമെന്നില്ല. പരിചിതമായ ജീവിത പരിസരങ്ങളിൽ നിന്നും മാറുമ്പോൾ ഈ മ്രുഗത്തിനു ഇളക്കങ്ങൾ ഉണ്ടാകുന്നു. പല പ്രസിദ്ധ എഴുത്തുകാരും യാത്രകളിലൂടെ എത്തിപ്പെട്ട സ്ഥലങ്ങളെ ആസ്പദമാക്കി രചിച്ച ക്രുതികൾ വിശ്വ വിഖ്യാതമായിട്ടുണ്ട്. അതെപോലെ വിട്ടു പോന്ന പിറന്ന നാടും പ്രിയപ്പെട്ടവരും അവരുടെ ക്രുതികളിൽ ഗ്രഹതുരത്വത്തിൻെറ വിഷാദമൂകത പരത്തിയിരുന്നു. എന്നാൽ സോയ നായരുടെ കവിതകളിൽ അവർ എത്തിപ്പെട്ട പുതിയ രാജ്യത്തെക്കുറിച്ചുള്ള കവിതകൾ കാണുന്നില്ല. നയാഗ്ര, നീ ആര് എന്ന കവിതയൊഴിച്ച്. അവർ പ്രവാസിയായിട്ട് അധികം കാലമായിട്ടില്ലെന്നുള്ളതും പരിഗണിക്കേണ്ടതുണ്ട്. അത് കൊണ്ട് ഇതിലെ കവിതകളിൽ

ഒരു ഗ്രഹാതുരത്വവും കാണുന്നില്ല. എന്നാൽ കവിതകളിൽ കാണുന്ന കാൽപ്പനിക ലാവണ്യം ഗൃഹാതുരത്വമായി പരിഗണിക്കുന്നത് ശരിയോ എന്നറിയില്ല. കവിത അവരുടെ വരദാനമായിരുന്നു. അത് അവർ എവിടെയായിരുന്നാലും എഴുതുമെന്നു കവിതകൾ തന്നെ സാക്ഷ്യം വഹിക്കുന്നു.

വളരെ മഹത്തായ കവിതകൾ ഉണ്ടാകണമെങ്കിൽ വളരെ മഹത്തായ ഒരു ആസ്വാദന വിഭാഗം ഉണ്ടാകണമെന്ന് വിറ്റ്മാൻ പറഞ്ഞിട്ടുണ്ട്. അത് കൊണ്ട് കവിതകളെ പരിപോഷിപ്പിക്കുക. ഇവിടത്തെ സാഹിത്യ സംഘടനകൾ കവിതകളെ കുറിച്ചുള്ള ചർച്ചകൾക്ക് അധികം സമയം കണ്ടെത്തുക. സോയ നായരുടെ കവിതകൾ അങ്ങനെ അമേരിക്കൻ മലയാളി സമൂഹത്തിൽ വായിക്കപ്പെടട്ടെ, ചർച്ച ചെയ്യപ്പെടട്ടെ എന്നാശംസിക്കുന്നു. ഇത് ഇണനാഗങ്ങൾ എന്ന കവിതാസമാഹരത്തിലെ തിരഞ്ഞെടുത്ത കവിതകളെക്കുറിച്ചുള്ള ഒരു ലഘു പഠനമാത്രം.

ശ്രീമതി സോയ നായർക്ക് അഭിനന്ദനങ്ങൾ!

**(ഇണനാഗങ്ങൾ , പായൽ ബുക്സ്: പുസ്തകത്തിൻെറ കോപ്പികൾക്ക് soyabinu@gmail.com)**

ശുഭം